LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I തസ്തികയിൽ 13 ഒഴിവുകളുണ്ട്. ആയത് നികത്തുന്നതിന് പ്രൊമോഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ 138 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു ഒഴിവ് നിലവിലുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ പ്രൊമോഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ പ്രൊമോഷൻ നടത്തുന്നതാണ്.

(സി) ടെക്നിക്കൽ അസിസ്റ്റന്റിന്റെ 19 തസ്തികകൾ സർവ്വേ വകുപ്പിൽ ഉണ്ട്. ആയതിൽ 4 ഒഴിവുകൾ നിലവിലുണ്ട്. 13-10-2015-ൽ ടി ഒഴിവുകൾ നികത്തുന്നതിനായി DPC (L) കൂടുകയും 7 പേരെ ഉൾപ്പെടുത്തി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി 2015 വർഷത്തേയ്ക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. സെലക്ട് ലിസ്റ്റ് ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിച്ച ശേഷം സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കയർ മേഖലയിലെ ചകിരി ക്ഷാമം

216 (1299) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസ്വവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ ചകിരി ക്ഷാമം കയർവ്യവസായത്തിന് പ്രതികൂലമായ വസ്തുതയാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ചകിരി ഉല്പാദനത്തിനായി പച്ചതൊണ്ട് തല്ലുന്നതിനുള്ള എത്ര യന്ത്രം വിതരണം ചെയ്തിട്ടുണ്ടെന്നും വിതരണത്തിനുള്ള മാനദണ്ഡമെന്തായിരുന്നെന്നും വ്യക്തമാക്കുമോ;

(സി) ചകിരി ഉല്പാദനത്തിനായി യന്ത്രം ആവശ്യപ്പെട്ട് എത്ര സഹകരണ സംഘങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്. അതിൽ എത്ര പേർക്ക് യന്ത്രം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത യന്ത്രത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണി ആരാണ് നടത്തുന്നത്; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കയർ മേഖലയിലെ ചകിരി ക്ഷാമം കയർ വ്യവസായത്തിന് പ്രതികൂലമായ വസ്തുതയാണെന്ന വിലയിരുത്തലിന്റെ ഭാഗമായിട്ടാണ് ചകിരി സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുവാൻ ഉതകുമാറ് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) 17-6-2014-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 649/2014/വ്യവ. പ്രകാരം അനുവദിച്ച 125 ഡീ ഹൈബറിംഗ് മില്ലുകളിൽ അടിസ്ഥാന സൗകര്യങ്ങളായ സഭലം, കെട്ടിടം, വൈദ്യുതി, റോഡ് സൗകര്യം എന്നിവ ഒരുക്കിയിട്ടുള്ള 35 കയർ സഹകരണ സംഘങ്ങളിൽ നിന്നാം അതാത് പ്രോജക്ട് ഓഫീസുകളിൽനിന്നും ശുപാർശയോടുകൂടി ലഭ്യമായ അപേക്ഷകളിൽ 23 എണ്ണത്തിന് കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് യന്ത്രം നൽകിയിട്ടുണ്ട്.

(സി) അപേക്ഷ നൽകിയ 35 സഹകരണ സംഘങ്ങളുടെ ലിസ്റ്റിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ 23 സംഘങ്ങൾക്ക് യന്ത്രം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത യന്ത്രത്തിന്റെ ഉണമേന്മ കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയിൽ വച്ചുതന്നെ നിശ്ചിത അളവിൽ തൊണ്ട് തല്ലി ഉറപ്പാക്കുന്നുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണികൾക്ക് ജില്ലാതലത്തിൽ തെരഞ്ഞെടുത്ത വർക്ക്ഷോപ്പുകളെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതു നടപ്പാകാത്ത ജില്ലകളിൽ കമ്പനി നേരിട്ട് അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. യന്ത്രത്തിന് കമ്പനി ഒരു വർഷത്തെ വാറന്റിയും ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് അതായു കമ്പനികളുടെ ഒരു വർഷത്തെ വാറന്റിയും ഉണ്ട്.

കയർ വ്യവസായവുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

217 (1300) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി കയർ വ്യവസായവുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അഞ്ചു ബഡ്ജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾക്ക് വകയിരുത്തിയ തുകയെത്രയെന്നും പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ട തുകയെത്രയെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly